# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഗസറ്റ് വിജ്ഞാപനം പ്രകാരം പേരു മാറ്റിയ മാതാപിതാക്കളുടെ പേര് കുട്ടിയുടെ ജനന രജിസ്ട്രേഷനോടൊപ്പം ചേർത്ത് തിരുത്തൽ വരുത്തുന്നത് - സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ.(ആർ.റ്റി) നം. 997/14/തസ്വഭവ. തിരുവനന്തപുരം, തീയതി 11-04-2014

==========================================================================

പരാമർശം:- പഞ്ചായത്ത് ഡയറക്ടറുടെ 06-02-2014-ലെ ബി2-46957/13 നമ്പർ കത്ത്.

## ഉത്തരവ്

കുട്ടി ജനിക്കുന്നതിന് മുമ്പ് ഗസറ്റ് വിജ്ഞാപന പ്രകാരം മാതാപിതാക്കളുടെ പേരിൽ മാറ്റം വരുത്തിയിട്ടുള്ള കേസുകളിൽ കുട്ടിയുടെ ജനന രജിസ്ട്രേഷനിൽ മാതാപിതാക്കളുടെ പേര് ഗസറ്റ് വിജ്ഞാപനം വഴി മാറ്റിയ പേര് ചേർത്ത് തിരുത്തൽ വരുത്തി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നിരവധി അപേക്ഷകൾ ലഭിക്കുന്നതിനാൽ ഇത് സംബന്ധിച്ച് ഒരു പൊതുനിർദ്ദേശം പുറപ്പെടുവിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശ കത്തു പ്രകാരം ചീഫ് ജനന-മരണ രജിസ്ട്രാർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

ഈ വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയും പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് കുട്ടിയുടെ ജനനത്തിനു മുമ്പ് മാതാപിതാക്കളുടെ പേര് ഗസറ്റ് വിജ്ഞാപന പ്രകാരം തിരുത്തിയിട്ടുണ്ടെങ്കിൽ കുട്ടിയുടെ ജനന രജിസ്ട്രേഷനിൽ അപ്രകാരം ഗസറ്റ് വിജ്ഞാപനം വഴി മാറ്റിയ പേര് ചേർത്ത് തിരുത്തൽ വരുത്തി സർട്ടിഫിക്കറ്റ് നൽകാവുന്നതാണെന്ന് ഇതിനാൽ സ്പഷ്ടീകരണം നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**(കെ. കെ. രാജഗോപാലൻ നായർ)**
ഡെപ്യൂട്ടി സെക്രട്ടറി.

1. പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം.
2. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെയും മറ്റു സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്).
3. വിവര-പൊതുജനസമ്പർക്ക വകുപ്പ് ( ദൃശ്യ-അച്ചടി മാധ്യമങ്ങളിലൂടെയുള്ള പ്രസിദ്ധീകരണത്തിന്)
4. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Rajeem

സെക്ഷൻ ഓഫീസർ